# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കങ്ങഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.5/1442/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കങ്ങഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.5/1442/2022 തീയ്യതി: 23/07/2022

## കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-03-2021 മുതൽ 31-12-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 24-06-2022 | 25-06-2022 |
| ശ്രീ ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-06-2022 | 30-06-2022 |
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 01-07-2022 | 05-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-06-2022 | 05-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജാസ്മിൻ എസ്, ഓഡിറ്റർ(24/06/2022-25/06/2022)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബി. പ്രദീപ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| റംല ബീഗം കെ. എസ്. | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ഗീത മേരി മാമ്മൻ | സെക്രട്ടറി | 01-04-2020 | 06-02-2021 |
| നിമ്മി ജേക്കബ് | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 07-02-2021 | 17-02-2021 |
| കെ. സി. സുഭാഷ് | സെക്രട്ടറി | 18-02-2021 | 26-02-2021 |
| നിമ്മി ജേക്കബ് | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 27-02-2021 | 07-03-2021 |
| ഗ്രീസ പി. എ. | സെക്രട്ടറി | 08-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അമ്മു പുന്നൂസ് | കൃഷി ഓഫീസർ | 01-04-2020 | 17-09-2020 |
| ചാന്ദ്നി പി. വി. | കൃഷി ഓഫീസർ | 18-09-2020 | 15-10-2020 |
| വിപിത വി. പി. | കൃഷി ഓഫീസർ | 16-10-2020 | 31-03-2021 |
| ഡോ. ആതിര ജോർജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ബെറ്റ്സി ജേക്കബ് | മെഡിക്കൽ ഓഫീസർ (സി.എച്ച് .സി.) | 01-04-2020 | 01-02-2021 |
| ഡോ. വെങ്കിട്ടസ്വാമി ഇ. | മെഡിക്കൽ ഓഫീസർ (സി.എച്ച് .സി.) | 02-02-2021 | 31-03-2021 |
| ഡോ. ആരതി ഗോപിനാഥ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 06-09-2020 |
| ഡോ. സൗമ്യ റ്റി. എ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 07-09-2020 | 31-03-2021 |
| ബിഷ്ണുമായ സുധാകരൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കാനം) | 01-04-2020 | 03-09-2020 |
| മനോജ് റ്റി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ | 04-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(കാനം) | | |
| മനോജ് റ്റി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പത്തനാട്) | 01-04-2020 | 31-03-2021 |
| ചിന്ദു റ്റി. കുട്ടപ്പൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| മറീന എബ്രഹാം | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീനി ജി. | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2020 | 31-03-2021 |
| റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 24-09-2020 |
| പ്രതീഷ് കുമാർ പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 25-09-2020 | 31-03-2021 |
| രാജു ഇ. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 21-07-2020 |
| നിമ്മി ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി | 22-07-2020 | 31-03-2021 |
| ബ്ലെസ്സി ജോഷി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

12/11/2020 മുതൽ 20/12/2020 വരെ പഞ്ചായത്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ് നിർവ്വഹണ ഉദ്യോഗസ്ഥന് 2020-21 വർഷം പ്രോജക്ട് ചെലവ് ഇല്ല.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 30-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 29-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 29-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 29-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 30-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ<br>Written By: Sivaraj P (Senior Grade Auditor, On 30-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 30-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sivaraj P (Senior Grade Auditor, On 30-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 01-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 29-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-10 |
| 11 | പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ-അവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 02-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-11 |
| 12 | ILGMS പാസ്റ്റ് ഡാറ്റാ എൻട്രി (PDE)-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 02-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-12 |
| 13 | രസീതുകളുടെ വിനിയോഗവും അക്കൗണ്ടിങ്ങും-അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-13 |
| 14 | വൗച്ചർ തയ്യാറാക്കി അക്കൗണ്ട് ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് തുക പിൻവലിക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-14 |
| 15 | അനുബന്ധ കെട്ടിടങ്ങൾ നികുതി നിർണ്ണയിക്കുമ്പോൾ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി കൃത്യത ഉറപ്പാക്കുന്നില്ല<br>Written By: Sivaraj P (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-15 |
| 16 | സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 21-07-2022) | 1-16 |

| | | |
|---|---|---|
| 17 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-നടപടിക്രമങ്ങളിൽ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-17 |
| 18 | മെഷിനറി റണ്ണിങ്ങ് ഫീസ് ഈടാക്കുന്നതിൽ അപാകത<br>Written By: Sivaraj P (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-18 |
| 19 | സാമൂഹ്യസുരക്ഷ പെൻഷൻ-പെൻഷനറുടെ മരണത്തിന് ശേഷമുള്ള മാസങ്ങളിലും നൽകി<br>Written By: Sivaraj P (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-19 |
| 20 | വെള്ളക്കരം-വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Lekha V (Audit Officer, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-20 |
| 21 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Darsana V (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-21 |
| 22 | ക്ഷീരകർഷകന് പാലിന് സബ്സിഡി -സബ്സിഡി തുക പരിമിതിപ്പെടുത്തിയില്ല<br>Written By: Lekha V (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-22 |
| 23 | ഗവ.എൽ. പി.സ്കൂളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ<br>Written By: Lekha V (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-23 |
| 24 | സാന്ത്വന പരിചരണം - മെഡിക്കൽ ഉപകരണങ്ങൾ പൂർണമായും ലഭിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-24 |
| 25 | കന്നുകുട്ടി പരിപാലനം -വിനിയോഗശേഷം തുക അവശേഷിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-25 |
| 26 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Lekha V (Audit Officer, On 04-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-26 |
| 27 | ടാറിംഗ് പ്രവൃത്തികൾ-ബാരൽ വില പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Prasad P G (Audit Officer, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-27 |
| 28 | ഇ-ടെണ്ടർ ഫീസ് ലഭിക്കുവാൻ അവശേഷിക്കുന്നു<br>Written By: Prasad P G (Audit Officer, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 1-28 |
| 29 | അഗതിരഹിതകേരളം പദ്ധതി - തുക ചെലവഴിക്കുന്നില്ല<br>Written By: Darsana V (Senior Grade Auditor, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ക്ഷീരകർഷകന് പാലിന് സബ്സിഡി -സബ്സിഡി തുക പരിമിതിപ്പെടുത്തിയില്ല<br>Written By: Lekha V (Audit Officer, On 05-07-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 29-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 29-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 27-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 27-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 22-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 16/03/2020 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 22/02/2021 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 1-2 നം. തീരുമാന പ്രകാരം ബജറ്റ് പരിഷ്കരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (Budget) | 2020-21 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 18,828,165/- | 18,290,580/- |
| വരവ് | 141,311,000/- | 69,841,073/- |
| ആകെ | 160,139,165/- | 88,131,653/- |
| ചെലവ് | 155,000,000/- | 67,501,552/- |
| നീക്കിയിരിപ്പ് | 5,139,165/- | 20,630,101/- |

പുതുക്കിയ ബജറ്റ് പ്രകാരം 1.88 കോടി രൂപ മുന്നിരിപ്പും 14.13 കോടി രൂപ തൻവർഷ വരവും ഉൾപ്പെടെ ആകെ 16.01 കോടി രൂപയുടെ പ്രതീക്ഷിത വരവും 15.5 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. 51.4 ലക്ഷം രൂപ നീക്കിയിരിപ്പാണ് പ്രതീക്ഷിച്ചത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 12.25 കോടി രൂപയും ചെലവ് 11.59 കോടി രൂപയുമാണ്. 2020-21 റെസീറ്റ് & പേമെന്റ് പത്രിക പ്രകാരം മുന്നിരിപ്പ് 1.83 കോടി രൂപയും നീക്കിയിരിപ്പ് 2.06 കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം പഞ്ചായത്തിന്റെ വരവ്-ചെലവുകൾ ബഡ്ജറ്റിന് അനുസൃതമായാണോ നടക്കുന്നത് എന്ന വിലയിരുത്തലും ബഡ്ജറ്ററി കൺട്രോളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 122,455,262/- രൂപയും ചെലവ് 115,928,261/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 6,527,001/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 57,658,728/- രൂപയും ബാധ്യതകളുടെ മൂല്യം 30,737,740/- രൂപയും ആകെ ജനറൽ ഫണ്ട് 26,920,988/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലെ മുന്നിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്ന ഗ്രാന്റുകൾ ചെലവഴിച്ച് ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ ചെയ്യുമ്പോൾ ഗ്രാന്റ് ചെലവിന് തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്യുന്നില്ല. പകരം റവന്യൂ ചെലവെന്ന് പരിഗണിച്ചാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഉദാഹരണമായി പ്രോജക്റ്റ് നം.186/21 വയോജന ഉല്ലാസ കേന്ദ്രത്തിന് സ്ഥലം വാങ്ങലിനായി ജില്ലാ പഞ്ചായത്ത് വിഹിതം 20 ലക്ഷം രൂപ ചെലവഴിച്ചത് സുസ്ഥിര ആസ്തി സൃഷ്ടിക്കലായിരുന്നു. ടി ഗ്രാന്റ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്തിട്ടില്ല.
3. പ്ലാൻ ഫണ്ട് പ്രോജക്ടുകളുടെ ചെലവ് റവന്യൂ, ക്യാപ്പിറ്റൽ എന്നിവ വേർതിരിച്ച് അതാത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ഓരോ ഫണ്ടുകൾക്കും ക്യാപ്പിറ്റൽ

കോൺട്രിബ്യൂഷൻ ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു.

4. പഞ്ചായത്ത് ഫണ്ടിലുള്ള മറ്റ് തദ്ദേശ സ്ഥാപന വിഹിതങ്ങളുടെ 31/03/2021 ലെ നീക്കിയിരിപ്പ് 406,633/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്നുള്ള വിശദാംശം എ.സി.ആറിൽ ലഭ്യമല്ല.
5. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വാടക നിക്ഷേപം കണക്കുകളിൽ 31/03/2021 ലെ നീക്കിയിരിപ്പ് 390,720/- രൂപയിൽ 328/- രൂപയുടെ വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല. X/280 നം. കെട്ടിട മുറിയിലെ കുത്തകക്കാരനായ പ്രകാശ് കുമാർ പി.-യുടെ വാടക നിക്ഷേപം 10,000/- രൂപ Auction Deposit എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
6. കോവിഡ്-19 ലോക്ക് ഡൗൺ മൂലം 24,063/- രൂപ വാടക ഒഴിവാക്കി നൽകിയത് അക്കൗണ്ട് ചെയ്യാത്തതിനാൽ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല.
7. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8. അക്രുവൽ വരവിനങ്ങൾക്ക് മുൻകൂർ ലഭിച്ച തുക 31/03/2021 ബാലൻസ് ഷീറ്റ്(ബി-9) പ്രകാരമുള്ളതിന്റെ കൃത്യത ഡിമാന്റ് രജിസ്റ്ററിലൂടെ വ്യക്തമാക്കിയിട്ടില്ല. ടി തുകകൾ ഏത് വർഷത്തേയ്ക്ക് ഏത് കുത്തകക്കാരൻ ഒടുക്കിയതാണ് എന്നത് വ്യക്തമല്ല.
9. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.
10. പ്രോജക്റ്റ് നം.191/21 എം.സി.എഫ്. നിർമ്മാണം 21.08 ലക്ഷം രൂപ ചെലവഴിച്ചത് ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.
11. കൃത്യമായ രേഖകളുടെ അഭാവത്തിലും ആസ്തി അക്കൗണ്ടിങ്ങ് പൂർത്തിയാക്കാത്തതിനാലും ആസ്തികളുടെ സഞ്ചിത മൂല്യശോഷണം തുകയുടെ കൃത്യത വ്യക്തമല്ല. തൻവർഷം 20.89 ലക്ഷം രൂപയുടെ ആസ്തിമൂല്യ ശോഷണം അക്കൗണ്ട് ചെയ്യപ്പെട്ടത് നിലവിൽ അക്കൗണ്ട് ചെയ്യപ്പെട്ട ആസ്തികളുടെ മൂല്യത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ്.
12. Prior Period Income ആയി കുടിശിക ഡിമാന്റിൽ ക്രമീകരിച്ച വസ്തുനികുതി തുക 4,006/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.
13. 2020-21 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. 1.31 കോടി രൂപ റോഡ് കോൺക്രീറ്റിങ്ങ് റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷം ചെയ്ത റോഡ് ആസ്തികൾ മുഴുവനായും 31/03/2021 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
14. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
15. വെറ്ററിനറി സർജൻ നിർവ്വഹിച്ച പ്രോജക്ടുകൾ പ്രകാരം(16/21-3.75 ലക്ഷം), ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹിച്ച പ്രോജക്ടുകൾ പ്രകാരം(18/21-5 ലക്ഷം) ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃ വിഹിതം ചെലവ് വാർഷിക കണക്കിലും സുലേഖ ചെലവ് പത്രികയിലും അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ 160300206 ശീർഷകത്തിലും സുലേഖ ചെലവ് പത്രികയിലും പ്രോജക്റ്റ് ചെലവ് ശീർഷകങ്ങളിലും പ്രസ്തുത ചെലവ് പ്രതിഫലിച്ചിട്ടില്ല.
16. Capital Work In Progress ശീർഷകത്തിൽ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. പാർട്ട് ബിൽ നൽകുന്ന ആസ്തികളുടെ വിവരവും ഫൈനൽ ബിൽ ക്രമീകരണവും രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

17. നിക്ഷേപ പ്രവൃത്തികൾക്ക് KSEB യിൽ പ്രോജക്ട് നം.217/21 പ്രകാരം നിക്ഷേപിച്ച 49,893/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിലെ 31/03/2021 ലെ നീക്കിയിരിപ്പ് കൃത്യമല്ല.
18. 2020-21 വർഷത്തെ പ്രോജക്ട് ചെലവുകളിൽ ചിലത് കൃത്യമായ ശീർഷകങ്ങളിൽ ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ഉദാഹരണമായി പ്രോജക്ട് നം.120/21 പ്രകാരമുള്ള വിവാഹ ധനസഹായം 251150001-Child Welfare-Maintenance Of Buds School Building എന്നാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
19. മേഖലാടിസ്ഥാനത്തിലുള്ള പ്രോജക്ട് ചെലവുകളുടെ വർഗ്ഗീകരണം സുലേഖ ചെലവ് പത്രികയിലുള്ളത് വാർഷിക കണക്കിൽ കൃത്യമായ മേഖലകളിൽ പ്രതിഫലിച്ചിട്ടില്ല. ഉദാഹരണമായി മേഖല തിരിവ് ഇല്ലാത്ത 1/21 നം. പ്രോജക്ട് IKM-ന് വിഹിതം ഒടുക്കൽ സേവന മേഖലയിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.
20. 2020 തദ്ദേശ ഭരണ ഇലക്ഷന് വോട്ടിങ്ങ് മെഷീൻ ഫീസിനത്തിൽ 03/08/2020 ലെ G.O.(Rt) No.4444/2020/Fin പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്ന് സ്രോതസ്സിൽ കുറവ് ചെയ്ത തുക 414220109 ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത വോട്ടിങ്ങ് മെഷീന്റെ ഫീസ് റവന്യൂ ചെലവായി അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
21. എയിംസിൽ ഇ-സബ്മിറ്റ് ചെയ്ത ധനകാര്യപത്രികയിൽ I&E പത്രിക Gross Surplus/Deficit തുക ഓഡിറ്റ് ചെയ്ത ധനകാര്യ പത്രികയിലെ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18,290,580/- |
| ഓഡിറ്റ് വർഷത്തെ വരവ് | 69,841,073/- |
| ആകെ | 88,131,653/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67,501,552/- |
| നീക്കിയിരിപ്പ് | 20,630,101/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,876/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 958874/- |

## 1-4 ഫണ്ട് വിനിയോഗം

കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12,888,000/- | 12,888,000/- | 12,613,666/- | 274,334/- | 97.87 |
| വികസന ഫണ്ട്-SCSP | 0 | 3,073,000/- | 3,073,000/- | 2,682,198/- | 390,802/- | 87.28 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- TSP | 0 | 158,000/- | 158,000/- | 154,349/- | 3,651/- | 97.69 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 5,020,000/- | 5,020,000/- | 1,204,698/- | 3,815,302/- | 24.00 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 8,270,678/- | 8,270,678/- | 7,744,450/- | 526,228/- | 93.64 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 7,095,000/- | 7,095,000/- | 7,084,984/- | 10,016/- | 99.86 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3,662,000/- | 3,662,000/- | 2,675,500/- | 986,500/- | 73.06 |
| ICDS ഫണ്ട് | 291,264/- | 483,255/- | 774,519/- | 500,000/- | 274,519/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 114,277/- | 4,020,410/- | 4,134,687/- | 2,455,000/- | 1,679,687/- | - |
| ജലനിധി ഗ്രാന്റ് | 1,542,967/- | 3,972,159/- | 5,515,126/- | 966,852/- | 4,548,274/- | - |
| നബാർഡ് ഫണ്ട് | 0 | 3,673,000/- | 3,673,000/- | 3,673,000/- | 0 | - |
| ബ്ലോക്ക് പഞ്ചായത്ത് (മൂലധന ചെലവ്) | 127175 | 0 | 127175 | 0 | 127175 | |
| ജില്ലാ പഞ്ചായത്ത് (മൂലധന ചെലവ്) | 28746 | 0 | 28746 | 0 | 28746 | |
| ബ്ലോക്ക് പഞ്ചായത്ത് റവന്യൂ ചെലവ് | 509371 | 0 | 509371 | 0 | 509371 | |
| ജില്ലാ പഞ്ചായത്ത് റവന്യൂ ചെലവ് | 141341 | 0 | 141341 | 0 | 141341 | |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ ബജറ്റ് അലോട്ട്മെന്റ് 114.56 ലക്ഷം രൂപയ്ക്ക് പുറമേ 25/03/2021 ലെ G.O.(Rt) No.2904/2021/Fin പ്രകാരം 14.32 ലക്ഷം രൂപ അധിക അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ബജറ്റ് അലോട്ട്മെന്റ് 50.2 ലക്ഷം രൂപയ്ക്ക് പുറമേ 18/02/2021 ലെ G.O.(Rt) No.1512/2021/Fin പ്രകാരം 3,250,678/- രൂപ 2019-20 വർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ഗ്രാന്റിനത്തിൽ അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 11,456,000/- | 1,432,000/- | 12,888,000/- | 227/21-306,600/-<br>228/21-306,600/-<br>237/21-306,600/-<br>225/21-490,608/-<br>235/21-490,607/-<br>ആകെ-1,901,015/- | 10,986,985/- |
| വികസന ഫണ്ട്-SCSP | 3,073,000/- | ഇല്ല | 3,073,000/- | 226/21-124,569/-<br>236/21-124,569/-<br>ആകെ-249,138/- | 2,823,862/- |
| മെയിന്റനൻസ് | 3,662,000/- | ഇല്ല | 3,662,000/- | 231/21-EVM Fees | 3,624,960/- |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-Non Road | | | | ആകെ-37,040/- | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 5,020,000/- | 3,250,678/- | 8,270,678/- | ഇല്ല | 8,270,678/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെയും ജി.ഒ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ അലോട്ട്മെന്റ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- ചെലവ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ഓരോ ചെലവുകളും കൃത്യമായി മേഖല തിരിച്ച് ILGMS-ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

വികസന ഫണ്ടിന്റെ കണക്കുകളിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

2020-21 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 16-01-2020 ലും പദ്ധതിരൂപീകരണത്തിനായുള്ള ഗ്രാമസഭകൾ 21-01-2020 മുതൽ 29-01-2020 വരെയും നടക്കുകയുണ്ടായി. 07-03-2020-ലെ വികസനസെമിനാർ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. ഗ്രാമപഞ്ചായത്ത് കമ്മിറ്റി 25-01-2021 ൽ അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതിക്ക് 28-01-2021 തീയതിയിലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം നല്കി.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 193 | 149 | 99474962 | 54303267 | 54.58 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 7 | 3898008 | 1582012 |
| 2 | വെറ്ററിനറി സർജൻ | 12 | 11 | 4550000 | 3275930 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 2 | 1 | 555000 | 475041 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 |
| 5 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 384000 | 0 |
| 6 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ -1 | 5 | 5 | 10336430 | 3952000 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 3990632 | 3093927 |
| 8 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ -2 | 8 | 6 | 4437175 | 2028361 |
| 9 | സെക്രട്ടറി | 29 | 27 | 10216828 | 8712440 |

| | | | | | |
|---|---|---|---|---|---|
| 10 | അസിസ്റ്റന്റ് എൻജിനീയർ. | 101 | 73 | 55914888 | 28134643 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 3 | 3 | 2098056 | 1598056 |
| 12 | ഹെഡ് മാസ്റ്റർ | 3 | 2 | 285000 | 240469 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി. | 10 | 7 | 2508945 | 910388 |
| | ആകെ | 193 | 149 | 99474962 | 54303267 |

അംഗീകാരം ലഭിച്ച ആകെ 193 പ്രോജക്ടുകളിൽ 149 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 54.58 ശതമാനം ചെലവഴിക്കുകയുണ്ടായി. വകയിരുത്തുന്ന തുകയെക്കാൾ വളരെ കുറച്ചുമാത്രം ചെലവഴിക്കുന്നതിൽ നിന്ന് തുകയുടെ ലഭ്യതയ്ക്ക് ആനുപാതികമായല്ല പ്രോജക്ടുകൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാകുന്നു. സ്പിൽ ഓവറായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച 59 പ്രോജക്ടുകളിൽ 53 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസസംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനും ശ്രമിക്കുകയുണ്ടായി.

സ്ത്രീകൾ, കുട്ടികൾ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ എസ്.സി, എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്. തെരുവ് വിളക്ക് സ്ഥാപിക്കൽ, വയോജന ഉല്ലാസകേന്ദ്രത്തിന് സ്ഥലം വാങ്ങൽ തുടങ്ങിയവ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽപ്പെടുന്നു. ലൈഫ് ഭവനപദ്ധതി, വീട് വാസയോഗ്യമാക്കൽ, ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കൽ തുടങ്ങിയ പ്രോജക്ടുകൾ വി.ഇ.ഒ.മാർ നടപ്പിലാക്കിയിട്ടുണ്ട്.

റോഡുകളുടെ കോൺക്രീറ്റിംഗ്, ടാറിംഗ്, അങ്കണവാടികളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, എം.സി.എഫ് നിർമ്മാണം തുടങ്ങി വ്യത്യസ്ത പ്രോജക്ടുകൾ അസി.എൻജിനീയർ നടപ്പിലാക്കിയിട്ടുണ്ട്. നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്ന കാർഷിക പുനർജീവന കേന്ദ്രത്തിനായുള്ള കെട്ടിടം നിർമ്മാണം പൂർത്തിയായി വരുന്നു. പ്രോജക്ട് തുകകൾ വാർഡടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം തുച്ഛമായ തുക മാത്രം വകയിരുത്തുന്ന സാഹചര്യവും പ്രോജക്ട് പല വർഷങ്ങൾ കഴിഞ്ഞാലും ഫലപ്രാപ്തിയിലെത്താത്ത സാഹചര്യവും നിലനില്ക്കുന്നു. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം.

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത് .

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം 6006833/-രൂപയുടെ സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 12888000 | 12613666 | 274334 |
| വികസന ഫണ്ട്-എസ്.സി.പി | 3073000 | 2682198 | 390802 |
| വികസന ഫണ്ട്-ടി.എസ്.പി | 158000 | 154349 | 3651 |
| ധന.കമ്മീഷൻ ഗ്രാന്റ്,(ടൈഡ്) | 5020000 | 1204698 | 3815302 |
| ധന.കമ്മീഷൻ ഗ്രാന്റ്, (അൺടൈഡ്) | 8270678 | 7744450 | 526228 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 3662000 | 2675500 | 986500 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 7095000 | 7084984 | 10016 |
| | 40166678 | 34159845 | 6006833 |

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 387 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 203 പദ്ധതികളിൽ 176 എണ്ണം പൂർത്തീകരിച്ചു. തൻവർഷം 42914 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 611 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, പടുത കുളം, കിണർ നിർമ്മാണം, ആട്ടിൻകൂട് മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 319/- |
| വരവ് | 2020-21 EFMS വരവ് | 16,307,648/- | 16,875,506/- |
| | ക്യാഷ് വരവ് (പലിശ ഉൾപ്പടെ) | 567,858/- | |
| | ആകെ വരവ് | 16,875,506/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 16,875,825/- |
| ചെലവ് | തൊഴിലാളികളുടെ വേതനം | 12,718,298/- | 16,868,004/- |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1,112,677/- | |
| | ഉപകരണ വില, വാടക | 2,476,673/- | |
| | ഭരണച്ചെലവ്(ശമ്പളം ഉൾപ്പടെ) | 560,356/- | |
| | ആകെ ചെലവ് | 16,868,004/- | |
| നീക്കിയിരിപ്പ് | | | 7821/- |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 67061344932 നം. അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്. 320300102 സാംഖ്യ കണക്ക് ശീർഷകത്തിലാണ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 253100101 ശീർഷകത്തിലാണ് ഭരണച്ചെലവും നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയും (EFMS) ഉൾപ്പെടെയുള്ള ചെലവ് അക്കൗണ്ട്

ചെയ്തിരിക്കുന്നത്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2020-21 വർഷം കങ്ങഴ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 10,117,900/- | 660 |
| വാർദ്ധക്യകാലപെൻഷൻ | 25,401,500/- | 1712 |
| കർഷകതൊഴിലാളി പെൻഷൻ | 2,906,300/- | 173 |
| വികലാംഗപെൻഷൻ | 2,767,600/- | 197 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 399,000/- | 21 |
| തൊഴിൽരഹിത വേതനം | 12,120/- | 19 |

2020-21 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പണി ചെയ്ത 193 പേർക്ക് 1,000/- രൂപ വീതം ഇൻസെന്റീവ് ആയി 1.93 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി കങ്ങഴ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 24/06/2022 തീയതിയിൽ 03:15 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 3,821/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമായിരുന്നതായാണ് ഓഡിറ്റിനായി ലഭ്യമായ ഫയലുകളും രേഖകളും പരിശോധിച്ചതിൽ വ്യക്തമായത്. കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെയുള്ള നടപടികൾ സ്വീകരിച്ചിരുന്നത് ഫലപ്രാപ്തി നല്കിയിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി ഈടാക്കുന്നതിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനില്ക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. ഭൂമി ഉൾപ്പെടെ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിലും അക്കൗണ്ട് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗിന്റെ അഭാവം പല പ്രോജക്ടുകളുടെയും കാര്യക്ഷമമായ പൂർത്തീകരണത്തിനും ലക്ഷ്യപ്രാപ്തിക്കും വിഘാതമായി.

വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/10/2021-23/10/2021 | 04/2021 മുതൽ 06/2021 വരെ | 23/10/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/10/2017 – 30/10/2017 | 2012-13 മുതൽ 2016-17 വരെ | LBA(HQ)-II/8A-2704/17-18/275 തീയതി 08/12/2017 |

1-11 പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, സേവനങ്ങൾ, ഫയൽ നീക്കം, അക്കൗണ്ടിങ്ങ് തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൈകാര്യം ചെയ്യുന്നതിനായി 2020-21 വർഷം മുതൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുണ്ട്. വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേനയും മാന്വലായും നടത്തിയിരുന്ന പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഒറ്റ സോഫ്റ്റ്‌വെയർ മുഖേന കൈകാര്യം ചെയ്യുന്നതിനാണ് ILGMS ഓൺലൈനായി പ്രവർത്തിക്കുന്നത്. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ സോഫ്റ്റ്‌വെയറുകളിൽ പ്രവർത്തിച്ചിരുന്നതും കൈകാര്യം ചെയ്തിരുന്നതുമായ ഡേറ്റാബേസുകൾ ഓഡിറ്റ് വർഷം ILGMS-ന്റെ ഭാഗമായിട്ടില്ല. 2020-21 വർഷം 01/10/2020 തീയതി മുതലാണ് കങ്ങഴ ഗ്രാമപഞ്ചായത്തിൽ ILGMS ഓൺലൈനായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയറിലെ പ്രവർത്തന വിശദാംശം, വേർഷനും പ്രാബല്യ തീയതിയും (Version & Effect Date), നിയന്ത്രണങ്ങൾ (Controls), മുൻഗണനകൾ (Previleges), ഡേറ്റാബേസുകൾ (Database) തുടങ്ങിയ വിവരങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ല. ആയതിനാൽ സംസ്ഥാന തലത്തിൽ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഓഡിറ്റ് വകുപ്പ് വാലിഡേറ്റ് ചെയ്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, അനുബന്ധമായ എല്ലാ ചട്ടങ്ങളും സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വിധേയമാക്കിയിട്ടുണ്ടോ എന്നും സംസ്ഥാനതലത്തിൽ പരിശോധന നടത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിന്റെ എല്ലാ വിവരങ്ങളും പഞ്ചായത്ത് വകുപ്പ് IKM-ന്റെ സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സോഫ്റ്റ്‌വെയറിന്റെ വാലിഡേഷനും സോഫ്റ്റ്‌വെയർ ഓഡിറ്റും സംസ്ഥാനതലത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെയും അതിന്റെ വിവിധ വേർഷനുകളുടെയും വാലിഡേഷൻ സംസ്ഥാനതലത്തിൽ നടത്തുന്നതിന് വിധേയമായിട്ടാണ് ILGMS സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത് പഞ്ചായത്ത് സമർപ്പിച്ച 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

1-12 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി (PDE)-വിശകലനം

കങ്ങഴ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം 01/10/2020 തീയതി മുതലാണ് ILGMS ഓൺലൈനായി പ്രവർത്തനം തുടങ്ങിയത്. സാമ്പത്തിക വർഷത്തെ 01/04/2020 മുതൽ 30/09/2020 വരെയുള്ള ഇടപാടുകൾ സാംഖ്യയിലും 01/10/2020 മുതൽ 31/03/2021 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2020-21 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01/04/2020-ലെ തുടക്ക ബാലൻസ് ഷീറ്റും(Initial Balance Sheet) 01/04/2020 മുതൽ 30/09/2020 വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി

അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി (Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.
2. Other Construction ആസ്തികൾ Irrigation-Others എന്ന പേരിലാണ് ILGMS-ലെ ആസ്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
3. മറ്റ് ജംഗമ ആസ്തികൾ (Other Movable Assets) കമ്പ്യൂട്ടർ മുതലായവ ഐ.ടി. ആസ്തികൾ എന്ന ശീർഷകത്തിലാണ് ILGMS-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
4. തൊഴിൽ നികുതി (സ്ഥാപനം/ട്രേഡർ/പ്രോഫഷണൽ) എന്നിവയുടെ അക്രുവൽ ശീർഷകവും, വരവ് ആസ്തി ശീർഷകവും ILGMS-ൽ ഓരോ കാറ്റഗറിക്കും പ്രത്യേകം ശീർഷകമായപ്പോൾ ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായ വർഗ്ഗീകരണവും കണക്കും സൂക്ഷിക്കാതിരുന്നതിനാൽ വർഗ്ഗീകരിച്ച് അക്കൗണ്ട് ചെയ്യാൻ സാധിച്ചില്ല.
5. പ്ലാൻ ചെലവുകൾ അക്കൗണ്ട് ചെയ്തിരിക്കുന്ന ചെലവ് ശീർഷകങ്ങൾ പ്രോജക്ടുമായി ബന്ധമില്ലാത്ത ശീർഷകങ്ങൾ ആണ് എന്ന് കാണുന്നു. ഉദാഹരണമായി സാംഖ്യയിൽ മൃഗസംരക്ഷണ മേഖലയിലെ പശു വിതരണം ചെലവ് മൃഗാശുപത്രിക്ക് മരുന്ന് എന്ന ശീർഷകത്തിലാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
6. മേഖലാടിസ്ഥാനത്തിൽ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരുന്ന പ്ലാൻ ചെലവുകൾ അതാത് മേഖലാടിസ്ഥാനത്തിൽത്തന്നെ ILGMS-ൽ അക്കൗണ്ട് ചെയ്തിട്ടില്ല.
7. സാംഖ്യയിൽ മെയിന്റനൻസിനായുള്ള പ്രോജക്ട് ചെലവുകളായി അക്കൗണ്ട് ചെയ്തിരുന്നത് പശ്ചാത്തല മേഖലയിലെ റവന്യൂ ചെലവായിട്ടാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
8. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ (Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

## 1-13 രസീതുകളുടെ വിനിയോഗവും അക്കൗണ്ടിങ്ങും-അപാകതകൾ

പഞ്ചായത്ത് ILGMS സോഫ്റ്റ്‌വെയർ ഓൺലൈനായതു മുതൽ ക്യൂ ആർ കോഡ് അടങ്ങിയ ഡിജിറ്റൽ ക്യാഷ് രസീതുകളും കൈപ്പറ്റ് രസീതുകളുമാണ് യഥാക്രമം വരവുകൾക്കും സേവനങ്ങൾക്കും നൽകുന്നത്. 01/03/2021 മുതൽ 31/03/2022 വരെയുള്ള മാന്വൽ, കമ്പ്യൂട്ടർ രസീതുകൾ 2020-21 ഓഡിറ്റിന്റെ ഭാഗമായി പരിശോധനയ്ക്ക് വിധേയമാക്കി. രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/2020-21/04.07.2022) നൽകിയിരുന്നു. അപാകതകളുടെ വിവരവും ആയത് പരിഹരിക്കുന്നതിന് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടിയും മറുപടിയിൽ അറിയിച്ചു. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

1. ഡിജിറ്റൽ രസീതുകൾ നൽകുമ്പോളുള്ള ആധികാരികത ഉറപ്പാക്കുന്നതിന് സെക്രട്ടറിയുടെ ഡിജിറ്റൽ ഒപ്പ് സംവിധാനം (Digital Signature) ILGMS-ൽ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ഡിജിറ്റൽ ഒപ്പ് സംവിധാനം ഏർപ്പെടുത്തുന്നതിനായി IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്ന് മറുപടിയിൽ അറിയിച്ചു.

2. ക്യാമ്പ്/ഇന്ററപ്റ്റഡ് രസീതിനായി മാന്വൽ രസീതുകളാണ് ഉപയോഗിക്കുന്നത്. മാന്വൽ രസീതിന് തത്തുല്യമായ ഡിജിറ്റൽ രസീത് അതേ രസീത് നമ്പരിൽ തന്നെയാണ് ILGMS-ൽ കൈകാര്യം ചെയ്യുന്നത്. എന്നാൽ പഞ്ചായത്തിൽ ILGMS ആരംഭിച്ച 01/10/2020-ൽ നിലവിലുണ്ടായിരുന്ന മാന്വൽ രസീതുകൾ മുഴുവനായും ഡിജിറ്റൽ സ്റ്റോക്കായി ഉൾപ്പെടുത്തി മാന്വൽ രസീതുകളുടെ സ്റ്റോക്ക്, വിനിമയം എന്നിവ ക്രമീകരിച്ചിട്ടില്ല. സാമ്പത്തിക വർഷം ഉപയോഗിക്കുന്ന രസീതുകൾ മാത്രമാണ് ILGMS-ൽ സ്റ്റോക്കിലെടുത്ത് സെക്രട്ടറി വിതരണം ചെയ്യുന്നത്. പഞ്ചായത്തിൽ ഇഷ്യൂ ചെയ്തിട്ടുള്ള മാന്വൽ രസീതുകൾ മാത്രമാണ് ILGMS ചേർത്തിട്ടുള്ളത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന എല്ലാ രസീതുകളും ഉൾപ്പെടെ ILGMS -ൽ ഉൾപ്പെടുത്താനുള്ള ക്രമീകരണം ലഭ്യമാക്കുന്നതിന് IKM ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്ന് മറുപടിയിൽ അറിയിച്ചു.

3. സ്റ്റേഷനറി നമ്പർ പ്രിന്റ് ചെയ്യാത്ത രസീതുകളാണ് ലൈബ്രറി വരവുകൾ സ്വീകരിക്കുന്നത്. 2020-21 വർഷം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഒരു രസീത് ബുക്കിലെ സ്റ്റേഷനറി നം. പ്രിന്റ് ചെയ്യാത്ത രസീത് നമ്പർ 54 മുതൽ 87 വരെയും 2021-22 വർഷം 88 മുതൽ 98 വരെയുള്ള രസീതുകളും മറ്റൊരു രസീത് ബുക്കിലെ 1 മുതൽ 16 വരെയും കളക്ഷനവേണ്ടി വിനിയോഗിച്ചു. കൃത്യമായ സ്റ്റേഷനറി, സ്റ്റോക്ക് എന്നിവ ഇല്ലാതെയാണ് ലൈബ്രറി രസീതുകൾ കൈകാര്യം ചെയ്യുന്നത്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭിച്ച സ്റ്റേഷനറി നമ്പരില്ലാത്ത രസീതുകളാണ് സെക്രട്ടറി മാന്വലായി നമ്പർ രേഖപ്പെടുത്തി ലൈബ്രറിയിലേക്ക് നൽകുന്നത് എന്നാണ് മറുപടിയിൽ അറിയിച്ചത്. സ്റ്റോക്ക് അക്കൗണ്ട് പേജ് നം.64 രജിസ്റ്റർ പ്രകാരം 4 എണ്ണം രസീത് ബുക്കുകൾ ലൈബ്രറിക്ക് നൽകിയതായി കാണുന്നു. സ്റ്റേഷനറി നമ്പർ ഇല്ലാത്ത രസീത് ബുക്കുകൾക്ക് ബുക്ക് നംപർ ഉൾപ്പെടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകി ആധികാരികമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഒരേ നമ്പരിൽ പല ലൈബ്രറി രസീതുകൾ നൽകുന്ന സാഹചര്യമുണ്ടാകും.

4. 2020-21 വർഷം ബാങ്ക് അക്കൗണ്ടുകളിൽ ലഭിക്കുന്ന പലിശ, നേരിട്ട് ലഭിക്കുന്ന തുകകൾ തുക ക്രഡിറ്റ് ചെയ്ത് പല മാസങ്ങൾ കഴിഞ്ഞും വരവായി അക്കൗണ്ട് ചെയ്യാതെ നിലനിർത്തിയിരിക്കുന്നു. നേരിട്ട് ക്രഡിറ്റ് ചെയ്യുന്ന മിക്ക വരവുകളും സാമ്പത്തിക വർഷാവസാനമാണ് വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഡിസംബർ-2021 വരെ വരവ് അക്കൗണ്ട് ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | അക്കൗണ്ട് നമ്പർ | വരവ് അക്കൗണ്ട് ചെയ്യാത്ത തുക |
|---|---|---|
| SBI-Own Fund | 67291303561 | 307,711/- |
| SCB Kangazha | 59 | 36,935/- |
| SBI | 36813729104 | 582,900/- |
| LGTSB | 79901300000520 | 1,795,000/- |

ബാങ്കുകളിൽ നേരിട്ട് ലഭിക്കുന്ന തുകകൾ എവിടെ നിന്ന് ലഭിക്കുന്നു എന്നത് സംബന്ധിച്ച അറിയിപ്പുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലാണ് ചില വരവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാൻ കഴിയാതിരുന്നത് എന്നാണ് മറുപടിയിൽ അറിയിച്ചത്. എല്ലാ വരവുകളും സമയബന്ധിതമായി അക്കൗണ്ട് ചെയ്യുന്നതിന് നടപടി എടുക്കേണ്ടതാണ്.

5. വസ്തുനികുതി ഓൺലൈനായി അടയ്ക്കുന്ന 36813729104 നം. SBI അക്കൗണ്ടിൽ ലഭിക്കുന്ന വരവുകൾ യഥാസമയം ILGMS-ൽ അക്കൗണ്ട് ചെയ്യപ്പെടാതെ മാസങ്ങൾ Directly Credited By Bank എന്ന് റീക്കൺസിലേഷൻ പത്രികയിൽ നിലനിർത്തിയിരിക്കുന്നു. ഓൺലൈനായി ലഭിക്കുന്ന വസ്തുനികുതി അതത് മാസം രസീത് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി.

ക്രമ നം. 1, 2 പരാമർശങ്ങൾ IKM-മായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ്. ക്രമ നം.2,3,4 എന്നിവ പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ച് പരിഹരിക്കേണ്ടതാണ്. തുടർനടപടികളുടെ വിശദാംശം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-14 വൗച്ചർ തയ്യാറാക്കി അക്കൗണ്ട് ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് തുക പിൻവലിക്കുന്നു

രസീത് പരിശോധനയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കൽ, ILGMS-ൽ വൗച്ചർ തയ്യാറാക്കി ഇടപാട് അക്കൗണ്ട് ചെയ്യാതെയാണ് എന്ന് കാണുന്നു. ബാങ്ക് അക്കൗണ്ടുകളുടെ ഡിസംബർ-2021 റീക്കൺസിലിയേഷൻ പത്രികയിൽ തുക പൊരുത്തപ്പെടുത്തലിനായി "Directly Debited By Bank" എന്ന്, മുൻകാലങ്ങളിൽ ചെക്കുകൾ മുഖേന പിൻവലിച്ച തുകകൾ ക്രമീകരിച്ചിരിക്കുന്നതായി കാണുന്നു.

| Bank | അക്കൗണ്ട് നം. | ക്രമീകരിച്ച തുക |
|---|---|---|
| SBI | 36813729104 | 64452/- |
| Kangazha SCB | 59 | 161,634/- |
| LGTSB | 79901300000520 | 47,917/- |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-43 പ്രകാരം പേയ്മെന്റ് ചെയ്യുന്നത് പഞ്ചായത്തിൽ ഇടപാട് രേഖപ്പെടുത്തി ഇടപാടുമായി ബന്ധപ്പെട്ട രേഖകളെല്ലാം സെക്രട്ടറി ഉറപ്പാക്കിയ ശേഷമായിരിക്കണം. പേയ്മെന്റ് രേഖപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ ചെക്ക് മുഖേന പഞ്ചായത്ത് ഫണ്ടിലെ പണം പിൻവലിക്കുന്നതിനും മേൽചട്ടങ്ങളുടെ ലംഘനത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2020-21/04.07.2022) നൽകിയതിന് ILGMS ആരംഭിച്ച സമയത്ത് പ്രാരംഭഘട്ടത്തിലെ സാങ്കേതികപരമായ ബുദ്ധിമുട്ടുകൾ മൂലമാണ് അക്കൗണ്ടിങ്ങ് പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് എന്നും 01/04/2022 മുതൽ എല്ലാ വൗച്ചറുകളും ILGMS-ൽ അക്കൗണ്ടിങ്ങ് നടപടികൾ പൂർത്തിയാക്കിയ ശേഷമാണ് പിൻവലിക്കലുകൾ നടത്തുന്നത് എന്നും അറിയിച്ചു. മാർച്ച്-2022 ലെ ബാങ്ക് റീക്കൺസിലേഷൻ പൂർത്തിയാക്കി 2021-22 ധനകാര്യ പത്രിക ലഭ്യമാകുന്നതിന് വിധേയമായി ഈ വിഷയത്തിൽ തുടർപരിശോധന നടത്തുന്നതാണ്.

1-15 അനുബന്ധ കെട്ടിടങ്ങൾ നികുതി നിർണ്ണയിക്കുമ്പോൾ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി കൃത്യത ഉറപ്പാക്കുന്നില്ല

നിലവിലുള്ള കെട്ടിടത്തോട് അനുബന്ധമായോ ഉടമസ്ഥന്റെ പ്ലോട്ടിലോ പുതിയ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുമ്പോൾ നിലവിലുള്ള കെട്ടിടം നികുതി നിർണ്ണയിച്ചതിന്റെ കൃത്യത അല്ലെങ്കിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടോ എന്ന പരിശോധന നടത്തുന്നില്ല. 2020-21 വർഷം നികുതി നിർണ്ണയം നടത്തിയ ഒരു കെട്ടിടത്തിന്റെ നിലവിലുള്ള അനുബന്ധ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ അപാകത നിലനിൽക്കുന്നത് ഉദാഹരണമായി ചേർക്കുന്നു.

ഷാഹുൽ ഹമീദ്, പുത്തൻപുരയ്ക്കൽ, കങ്ങഴ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്റ്റോറേജ് കെട്ടിടം VIII/162/B നമ്പരായി 2020-21 വർഷം നികുതി നിർണ്ണയം നടത്തിയിരുന്നു (ഫയൽ നം.A3/1733/2020). നികുതി നിർണ്ണയ ഫയലിൽ പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം സൈറ്റ് പരിശോധന നടത്തി അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ ചേർത്തിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം ടി വ്യക്തിയുടെ ഉടമസ്ഥതയിൽ പാർപ്പിടാവശ്യത്തിനുള്ള 116.29 ചതുരശ്ര മീറ്റർ കെട്ടിടം VIII/162 നമ്പരായി നിലവിലുള്ളതായി (Existing Building) കാണുന്നു. എന്നാൽ സഞ്ചയ ഡേറ്റാബേസ് പ്രകാരം ഷാഹുൽ ഹമീദ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള VIII/162 നം. കെട്ടിടത്തിന് പ്ലിന്ത് ഏരിയ 54 ചതുരശ്ര മീറ്റർ എന്ന് കണക്കാക്കിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. 116.29 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം 54 ചതുരശ്ര മീറ്റർ ആയി നികുതി നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമല്ല. അനുബന്ധ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം അനധികൃത നിർമ്മാണം നടന്നിട്ടുള്ളതായി ഫീൽഡ് സ്റ്റാഫ് എഞ്ചിനീയറിങ്ങ് വിഭാഗം ശ്രദ്ധയിൽപ്പെടുത്തിയതായും കാണുന്നില്ല.

അപ്രകാരം അനുബന്ധ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ നിലവിലുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയ അപാകത നിലനിൽക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.2/2020-21/29.06.2022) ലഭ്യമാക്കിയ മറുപടിയിൽ കംപ്ലീഷൻ പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും ടി കെട്ടിടത്തിന്റെ വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് 30/06/2022 ലെ 1220101128/G051002 രസീത് പ്രകാരം അടവാക്കിയെന്നും അറിയിച്ചു. ബിൽഡിങ്ങ് പെർമിറ്റിന് അപേക്ഷിക്കുന്ന സമയത്ത് തന്നെ നിലവിലുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയം കൃത്യമാണോ എന്നുള്ള പരിശോധന നടത്തേണ്ടതാണ്. അപ്രകാരം അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർനടപടി സ്വീകരിക്കേണ്ടതാണ് എന്ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഏതാനും സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഗ്രിഗോറിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കഞ്ഞ |
| 2. | KSEB പത്തനാട് സെക്ഷൻ ഓഫീസ് |
| 3. | ഓക്സ്ഫോർഡ് ആംഗ്ലോ അക്കാദമി, കങ്ങഴ |
| 4. | പുരയ്ക്കൽ ഹോണ്ട, പത്തനാട് |
| 5. | ട്രാക്ക് വ്യൂ ലോജിസ്റ്റിക്സ് കൊറിയർ സർവ്വീസ്, പത്തനാട് |
| 6. | നാഷണൽ ഇൻഷുറൻസ് പോർട്ടൽ ഓഫീസ്, ഇടയിരിക്കപ്പുഴ |
| 7. | എസ്.എൻ. മെഡിക്കൽ സെന്റർ, കങ്ങഴ |
| 8. | കടയിനിക്കാട് റബ്ബർ ഉൽപാദക സംഘം |
| 9. | മുളമൂട്ടിൽ ഫിനാൻസ് |
| 10. | മലബാർ എസ്കേപ്പ്സ് |

വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധകമായ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്യാത്തതിനാൽ നികുതി വരുമാനത്തിൽ കുറവുണ്ടായി. ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/2020-21/ 02.07.2022) നൽകിയതിന് മറുപടി ലഭ്യമാക്കി. ക്രമ നം.7, 10 സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായിരുന്നു എന്നും ക്രമ നം.9 സ്ഥാപനം 22/06/2022 ൽ തൊഴിൽ നികുതി ഒടുക്കിയതായും മറ്റ് സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നതാണ് എന്നും പഞ്ചായത്ത് മറുപടിയിൽ അറിയിച്ചു. 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് കൃത്യമാക്കി നികുതി അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

## 1-17 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-നടപടിക്രമങ്ങളിൽ അപാകതകൾ

2020-21 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ഷോപ്പിങ്ങ് കോംപ്ലെക്സിലെ 18 മുറികളും പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയത്തിൽ ബി.എസ്.എൻ.എൽ ഓഫീസ്, ടവർ സ്ഥലം എന്നിവയുമാണ് വാടകയ്ക്ക് നൽകിയിരുന്നത്. വാടക നടപടിക്രമങ്ങളിൽ ഏതാനും അപാകതകൾ നിലനിൽക്കുന്നത് ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ (നം.5/2020-21/01.07.2022) പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. അപാകതകളും പഞ്ചായത്ത് നൽകിയ വിശദീകരണവും പരിഹാരമാർഗ്ഗങ്ങളും ചുവടെ വിവരിക്കുന്നു.

1. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന പഞ്ചായത്ത് വകുപ്പിന്റെയും

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും അംഗീകൃത ബൈ-ലോ നിലവിലില്ല. ബൈ-ലോ തയ്യാറാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി. പഞ്ചായത്ത് വകുപ്പിന്റെ അംഗീകാരത്തോടെയുള്ള ബൈലോ തയ്യാറാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

2. 2020-21 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം മാത്രമാണ് ചേർത്തിരിക്കുന്നത്. ഷോപ്പിങ്ങ് കോംപ്ലെക്സുകളിലെ ആകെ മുറികൾ എത്രയാണ്, വാടകയക്ക് നൽകിയവ എത്ര, ഒഴിഞ്ഞുകിടക്കുന്നവ എത്ര, പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നവ തുടങ്ങിയ വിവരങ്ങൾ വിശദമാക്കുന്ന ഇൻഡക്സ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പഞ്ചായത്തിൽ പുതിയ ഷോപ്പിങ്ങ് കോംപ്ലെക്സ് നിർമ്മാണം പൂർത്തിയായി വരുന്നതായും രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത പരിഹരിക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചു. രജിസ്റ്ററിലെ ഇൻഡെക്സ് പൂർത്തിയാക്കി വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3. 2020-21 വർഷം വാടകയ്ക്ക് ആനുപാതികമായി 18% GST കുത്തകക്കാരിൽ നിന്നും ഈടാക്കിയില്ല. 2017 ലെ-CGST/KGST ആക്ടിലെ ഷെഡ്യൂൾ-II ക്രമ നം.5(എ) പ്രകാരം സ്ഥാവര വസ്തുക്കളുടെ വാടക ജി.എസ്.റ്റി. പരിധിയിൽ വരുന്നുണ്ട്. വാണിജ്യാവശ്യത്തിന് വസ്തുവകകൾക്ക് വാടക തുകയുടെ 18% GST അടവാക്കേണ്ടതായിരുന്നു. ഒരു വർഷ വാടക 10 ലക്ഷം കവിയാത്തതിനാൽ സർവ്വീസ് ടാക്സ് പരിധിയിൽ വരുന്നില്ല എന്നതിനാലാണ് GST അടവാക്കാതിരുന്നത് എന്നും ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. 2020-21 വർഷത്തെ GST ഉൾപ്പെടെ അടവാക്കേണ്ടതാണ്. GST യുടെ വിവരം കരാർ ചമയ്ക്കുമ്പോൾ ഉൾപ്പെടുത്തേണ്ടതാണ്.

4. കുത്തകക്കാരിൽ നിന്നുള്ള വാടക നിക്ഷേപം (Rent Deposit) വാടകയ്ക്ക് ആനുപാതികമായ വർദ്ധനവ് വരുത്തുന്നില്ല. BSNL, Post Office, X/290 നം. കെട്ടിട മുറിയിലെ കുത്തകക്കാരനായ സി.ഡി. കുട്ടപ്പൻ എന്നിവരിൽ നിന്ന് വാടക നിക്ഷേപം ഈടാക്കിയിട്ടില്ല. വാടക തുകയ്ക്ക് ആനുപാതികമായ വാടക നിക്ഷേപം കുത്തകക്കാരിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ അടവാക്കുമെന്ന് അറിയിച്ചു. എസ്.സി. വിഭാഗത്തിന് സംവരണത്തിനുള്ള കുത്തകക്കാരനായ സി.ഡി. കുട്ടപ്പനിൽ നിന്ന് രേഖകൾ പരിശോധിച്ച് വാടക നിക്ഷേപം അടവാക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. തുടർനടപടി സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

5. X/280 നം. കെട്ടിട മുറിയിലെ കുത്തകക്കാരനായ പ്രകാശ് കുമാർ പി.-യുടെ വാടക നിക്ഷേപം 10,000/- രൂപ Auction Deposit എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. വാടക നിക്ഷേപം അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്. 2021-22 വർഷം അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ചതായി അറിയിച്ചു. ആയത് തുടർ ഓഡിറ്റിൽ പരിശോധിക്കുന്നതാണ്.

6. പഞ്ചായത്ത് കുത്തകക്കാരുമായി ചമച്ചിരിക്കുന്ന വാടക കരാർ വ്യവസ്ഥകളും വിവരങ്ങളും സാക്ഷ്യപ്പെടുത്തലുകളും പൂർത്തിയാക്കാതെയാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. കരാറിലെ അപൂർണ്ണതയും അപാകതയും നിയമപ്രശ്നങ്ങൾക്ക് ഇടയാക്കാവുന്നതാണ്. GST വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. പൂർണ്ണമായ വ്യവസ്ഥകൾ ചേർത്ത് കരാർ ചമയ്ക്കാൻ നടപടിയെടുക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. കരാറുകൾ പൂർണ്ണവും ആധികാരികവും ആണ് എന്ന് ഉറപ്പാക്കേണ്ടതാണ്.

7. ജൂലൈ-2020 മാസത്തെ വാടക കോവിഡ്-19 ലോക്ക്ഡൗൺ കാരണം 29/06/2020 ലെ സ.ഉ.(സാധാ) നം.1278/2020/തസ്വഭവ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സത്യവാങ്മൂലം സമർപ്പിച്ച കുത്തകക്കാരുടേത് ഒഴിവാക്കി. 2020-21 വാടക ഡിമാന്റ് 601,424/- രൂപയായിരുന്നു. വാടക ഒഴിവാക്കിയ 24,063/- രൂപ കിഴിച്ച് ബാക്കി 577,361/- രൂപയാണ് വാടക ഡിമാന്റായി അക്കൗണ്ട് ചെയ്തത്. വാടക ഒഴിവാക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ഡിമാന്റിൽ നിന്ന് അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തുകയായിരുന്നു ചെയ്യേണ്ടത്. ആയതിനാൽ വാടക ഒഴിവാക്കിയ 24,063/- രൂപ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല. പുതിയ സോഫ്റ്റ്‌വെയർ ആയ ILGMS ൽ അക്കൗണ്ട്സ് തയ്യാറാക്കിയപ്പോഴുള്ള പരിചയക്കുറവ് മൂലമാണ് അക്കൗണ്ടിങ്ങ് അപാകത സംഭവിച്ചത് എന്നും ഭാവിയിൽ ആയത് പരിഹരിക്കുമെന്നും മറുപടി നൽകി. അക്കൗണ്ടിങ്ങ് കൃത്യമാക്കാൻ എല്ലാ നടപടികളും സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

2020-21 വർഷം ഒടുക്കിയ തൻവർഷ/കുടിശിക വാടക തുക 708,253/- രൂപയുടെ 18% തുക 127,486/- രൂപ GST (63,743/-CGST, 63,743/-SGST) ആയി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ടതായിരുന്നു. GST കുത്തകക്കാരിൽ നിന്ന് ഈടാക്കിയും വാടക നടപടികളിൽ നിലനിൽക്കുന്ന മറ്റ് അപാകതകൾ പരിഹരിച്ചും ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 മെഷിനറി റണ്ണിങ്ങ് ഫീസ് ഈടാക്കുന്നതിൽ അപാകത

2020-21 വർഷം IFTEOS ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക ലൈസൻസ് അപേക്ഷകളും ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്, മെഷിനറി HP എന്നിവ രേഖപ്പെടുത്താതെ അപൂർണ്ണമായാണ് സമർപ്പിക്കുന്നത് എന്ന് കാണുന്നു. പഞ്ചായത്തിന്റെ ഫീൽഡ് തല അന്വേഷണ റിപ്പോർട്ടിലും ലൈസൻസ് ഫീസ് നിർണ്ണയിക്കുന്ന ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്, മെഷിനറി HP എന്നിവയുടെ വിവരം രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. കൂടാതെ മെഷീനറി റണ്ണിങ്ങ് ഫീസ് കുറവായി ഈടാക്കിയതായും കാണുന്നു.

| ലൈസൻസി/കെട്ടിടം | വാണിജ്യ-വ്യവസായം | മെഷീനറി | ഈടാക്കിയ ഫീസ് |
|---|---|---|---|
| കെ. ജെ. തോമസുകുട്ടി, മാനേജിങ്ങ് ഡയറക്ടർ, കരിമല ഗ്രാനൈറ്റ്സ്, കങ്ങഴ XV/91 | മെറ്റൽ ക്രഷർ | ആകെ-1245 HP ഈടാക്കേണ്ട മെഷിനറി റണ്ണിങ്ങ് ഫീസ്- 12,450/- | 9,000/- 120010100027/ 27.04.2020 രസീത് പ്രകാരം |

മലിനീകരണ നിയന്ത്രണ ബോർഡിന്റെ 21/06/2018 ലെ PCB/KTM/CR/77/2010 സർട്ടിഫിക്കറ്റ് പ്രകാരമാണ് ക്രഷറിൽ മെഷീനറി 1245 HP ഉണ്ട് എന്ന് വ്യക്തമാക്കുന്നത്. മുൻവർഷങ്ങളിലെ ലൈസൻസ് ഫീസ് തന്നെ പുതുക്കി നൽകിയതിനാലാണ് മെഷിനറി റണ്ണിങ്ങ് ഫീസ് 3,450/- രൂപ കുറവായി ഈടാക്കിയത് എന്നാണ് സെക്ഷൻ ക്ലർക്ക് അറിയിച്ചത്. ആയതിനാൽ പഞ്ചായത്തിൽ അറിയിക്കാതെ മെഷീനറി വർദ്ധിപ്പിച്ചാണോ ക്രഷർ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ലൈസൻസുമായി ബന്ധപ്പെട്ട് നടത്തുന്ന ഫീൽഡ് പരിശോധന റിപ്പോർട്ടിൽ ടി വിവരങ്ങൾ ചേർക്കുന്നില്ല. മെഷീനറി വർദ്ധിപ്പിച്ചതാണ് എങ്കിൽ ഇൻസ്റ്റലേഷൻ ഫീസ് 3,450/- രൂപയും ഈടാക്കേണ്ടതായിരുന്നു. മേൽ സ്ഥാപനത്തിൽ നിന്ന് മെഷീനറി ഇൻസ്റ്റലേഷൻ, റണ്ണിങ്ങ് ഇനങ്ങളിൽ പഞ്ചായത്തിന് ലഭിക്കേണ്ട 6,900/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. അപാകതയ്ക്ക് രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/2020-21 /02.07.2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മെഷീനറി ഇൻസ്റ്റലേഷൻ, റണ്ണിങ്ങ് ഫീസുകൾ അടവാക്കുന്നതിന് ലൈസൻസിക്ക് നിർദ്ദേശം നൽകിയതായും ലൈസൻസ് അപേക്ഷകളും അന്വേഷണ റിപ്പോർട്ടും കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. നടപടിക്രമങ്ങൾ പൂർത്തിയാക്കി അനുബന്ധ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

1-19 സാമൂഹ്യസുരക്ഷ പെൻഷൻ-പെൻഷനറുടെ മരണത്തിന് ശേഷമുള്ള മാസങ്ങളിലും നൽകി

പഞ്ചായത്തിന്റെ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനർ മരണപ്പെട്ട ശേഷവും വർഷങ്ങളോളം നൽകിയതായി കാണുന്നു. പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ, സേവന പെൻഷൻ പോർട്ടൽ രേഖകൾ പരിശോധിച്ചതിൽ നിന്ന് ശ്രദ്ധയിൽപ്പെട്ട, പെൻഷനറുടെ മരണത്തിന് ശേഷമുള്ള മാസങ്ങളിലും പെൻഷൻ നൽകുന്നതിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, ആധാർ നം. | പെൻഷൻ ID, പെൻഷൻ ഇനം | മരണ തീയതി | അനർഹമായ പെൻഷൻ കാലയളവ്, തുക |
|---|---|---|---|---|
| 1. | മാത്യു സി. എം. 266236250353 | 105630201483 Old Age | 11/03/2020 | 04/2020-05/2022 26 മാസം-40,400/- |

| | | | | |
|---|---|---|---|---|
| | | Pension | | രൂപ |
| 2. | അമ്മാളു കുട്ടിയമ്മ 630886614396 | 105630200833 Old Age Pension | 07/09/2020 | 10/2020-04/2021 7 മാസം-10,600/- രൂപ |

പെൻഷനറുടെ മരണ ശേഷവും പെൻഷൻ നിർത്തലാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല. ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറാൻ സാധിക്കാത്ത സാഹചര്യത്തിലാണ് മരണപ്പെട്ട പല പെൻഷനർമാരുടെയും പെൻഷൻ നല്കാതായതെന്നാണ് സേവന പെൻഷൻ ഓൺലൈൻ സംവിധാനത്തിലെ വിശദാംശങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന പെൻഷൻ വിതരണത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2020-21/01.07.2022) നൽകിയിരുന്നു. പെൻഷനർ മരണപ്പെടുന്നത് രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പെൻഷൻ നിർത്താനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട് എന്നും കോവിഡ്-19 പശ്ചാത്തലത്തിൽ 2020-21 വർഷം പെൻഷർമാരുടെ ആധാർ വിവരങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിൽ മന:പൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചെന്നും മറുപടി നൽകി. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച മരണപ്പെട്ട പെൻഷനർമാർക്ക് അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും അറിയിച്ചു. പെൻഷനറുടെ മരണം രജിസ്റ്റർ ചെയ്യുമ്പോൾത്തന്നെ പെൻഷനും സസ്പെന്റ് ചെയ്യാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. നടപടികൾ പൂർത്തീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

### 1-20 വെള്ളക്കരം-വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

2020-21 വർഷം വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് രണ്ട് പ്രോജക്ടുകളിലുൾപ്പെടുത്തി 943250/-രൂപ അടവാക്കിയിട്ടുണ്ട്. പ്രോജക്ട് നം.3/21 ൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 808500/- രൂപയും, പ്രോജക്ട് നം.119/21 പ്രകാരം 134750/- രൂപയുമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. 154 ടാപ്പുകൾക്ക് ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ നിരക്കിൽ പ്രതിമാസ ഡിമാന്റ് തുകയായി 67375/-രൂപയും, നീക്കിയിരുപ്പ് തുകയായി വലിയ തുകയും, പിഴയുമുൾപ്പെടെയുള്ള ഡിമാന്റ് നോട്ടീസാണ് വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകുന്നത്. ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള 154 ടാപ്പുകളിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7)യ്ക്ക് മറുപടിയായി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിൽ പ്രവർത്തനക്ഷമമായവയുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചു. കൂടാതെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള നീക്കിയിരുപ്പ് തുക ,പിഴപ്പലിശ എന്നിവ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തുക ഒടുക്ക് വരുത്തിയത് സംബന്ധിച്ച വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വാട്ടർ അതോറിറ്റി തിരുവല്ല ഓഫീസിൽ ഹാജരാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ഉപയോഗക്ഷമമായ വാട്ടർ ടാപ്പുകൾക്ക് മാത്രം കരം അടവാക്കാനും, ഡിമാന്റ് നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള കുടിശിക തുക ഒഴിവാക്കി കിട്ടുന്നതിനും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-21 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം 28.07.2018 ൽ 40000/- രൂപ ധനസഹായം നൽകിയ അന്നമ്മ ഡേവിഡ്, കുറ്റിപ്പുറത്ത് എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.പത്ത് ) മറുപടിയിൽ ടിയാൾ ഭവനനിർമ്മാണ കരാർ വയ്ക്കുകയും അഡ്വാൻസ് ആയി 40000/- രൂപ കൈപ്പറ്റുകയും ചെയ്തെങ്കിലും നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് വി ഇ ഒ കത്തുകളയയ്ക്കുകയും തുക തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി

തീരുമാനം എടുക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ പൂർത്തിയായിട്ടില്ല. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-22 ക്ഷീരകർഷകന് പാലിന് സബ്സിഡി -സബ്സിഡി തുക പരിമിതിപ്പെടുത്തിയില്ല

പ്രോജക്ട് നം.S0017/21
അടങ്കൽ : വികസനഫണ്ട് -350,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം -400,000
ആകെ ചെലവഴിച്ച തുക -750,000
നിർവ്വഹണോദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ട്രക്ടർ
ബിൽ നം.5/20-21 ,350,000/-രൂപ തീ 12.1.21
ബിൽ നം.8/20-21 ,240,381/-രൂപ തീ 29.3.21
ബിൽ നം.9/20-21 ,127802/-രൂപ തീ 29.3.21
ബിൽ നം.10/20-21 ,31817/-രൂപ തീ 29.3.21

സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖ 6.2.8 പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 40,000/-രൂപയാണ്. എന്നാൽ ഉഷ ഹരിലാൽ എന്ന ക്ഷീരകർഷകന് 43876/-രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്. 3876/-രൂപ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും കൂടുതലായി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) മറുപടി ഹാജരാക്കിയില്ല. സബ്സിഡിയിനത്തിൽ അധികം നൽകിയ 3876/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-23 ഗവ.എൽ. പി.സ്കൂളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകതകൾ

പ്രോജക്ട് നം.S0154/20-21

അടങ്കൽ :
മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)-70,000

ചെലവഴിച്ച തുക-40469/-രൂപ ബിൽ നം.2/20-21 തീ 23.1.21
നിർവ്വഹണോദ്യോഗസ്ഥൻ – എച്ച്.എം. , ഗവ.എൽ.പി.സ്കൂൾ, കഞ്ഞ

ഗവ.എൽ.പി സ്കൂളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുള്ള പ്രെഫോർമ ഇൻവോയ്സ് പ്രകാരം കമ്പ്യൂട്ടറിന്റെ വിലയായ 40469/-രൂപയാണ് മേൽ ബിൽ പ്രകാരം കെൽട്രോണിന് നൽകിയത്. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം 38266.22/-രൂപയാണ് കമ്പ്യൂട്ടറിന്റെ വില. ടാക്സ് ഇൻവോയ്സും, പ്രെഫോർമ ഇൻവോയ്സും തമ്മിൽ 2202.78/-രൂപയുടെ വ്യത്യാസം കാണുന്നു. ഇപ്രകാരം സംഭവിക്കാനുള്ള സാഹചര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8) മറുപടിയായി കെൽട്രോണിൽ നിന്നും ടാക്സ് ഇൻവോയ്സ് ലഭിച്ചിട്ടില്ലെന്നും, കമ്പ്യൂട്ടർ ലഭിച്ചപ്പോൾ Acer India (Pvt) Ltd കമ്പനി നൽകിയ ടാക്സ് ഇൻവോയ്സാണ് ഫയലിൽ ഉൾപ്പെടുത്തിയിരുന്നതെന്നും, ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള ടാക്സ് ഇൻവോയ്സും, പ്രൊഫോർമ ഇൻവോയ്സും തമ്മിൽ 2202.78 രൂപയുടെ വ്യത്യാസം ഉണ്ടായതിന്റെ വിവരം കെൽട്രോണിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിരുന്നു. കെൽട്രോണിൽ നിന്നും 2202.78/-രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 സാന്ത്വന പരിചരണം - മെഡിക്കൽ ഉപകരണങ്ങൾ പൂർണമായും ലഭിച്ചിട്ടില്ല

പ്രോജക്ട് നം.S034/21
അടങ്കൽ

വികസനഫണ്ട്(പൊതു വിഭാഗം)-500,000
ചെലവഴിച്ച തുക -475041
ബിൽ നം. 45/14.05.2020 – 31,200/- രൂപ
ബിൽ നം. 97/12.10.2020 – 82,353/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഇടയരിക്കപ്പുഴ

സാന്ത്വന പരിചരണം എന്ന പ്രോജക്ടിലുൾപ്പെടുത്തി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയിസ് പ്രകാരം നൽകിയ തുക | ടാക്സ് ഇൻവോയിസ് പ്രകാരം ലഭ്യമായ ഉപകരണങ്ങളുടെ വില | ലഭ്യമാക്കുവാൻ അവശേഷിക്കുന്ന ഉപകരണങ്ങളുടെ വില |
|---|---|---|
| PRF 965- 23467 | 22006 | 1461 |
| PRF-5385- 22443 | 16441 | 6002 |
| ആകെ – 45910 | 38447 | 7463 |

7463/-രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല. 7463/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭിക്കാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9) മറുപടി ഹാജരാക്കിയില്ല. 7463/-രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കുന്നതുവരെ 7463/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 കന്നുകുട്ടി പരിപാലനം -വിനിയോഗശേഷം തുക അവശേഷിക്കുന്നു.

2020-21 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 3,75,000/- രൂപ (ബിൽ നമ്പർ 15/20.02.2021 ) അസിസ്റ്റന്റ് ഡയറക്ടർ, കന്നുകുട്ടി പരിപാലന പദ്ധതിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം. പതിനൊന്ന്) മറുപടിയോടൊപ്പം ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം 3,21,517.5 രൂപ ചെലവഴിച്ചതായും 53,482.5 രൂപ ബാലൻസുള്ളതായും കാണുന്നു. അവശേഷിക്കുന്ന 53,482.5 രൂപ വിനിയോഗിച്ചിട്ടില്ലായെങ്കിൽ ടി തുക തിരികെ സർക്കാരിലേയ്ക്ക് അടച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-26 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

1) വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഫണ്ടിനം | നിക്ഷേപിച്ച തുക ബിൽ നം./തീയതി | തുക നിക്ഷേപിച്ച സ്ഥാപനം |
|---|---|---|---|
| S0067/21,തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 227052(41/20-21 തീ22.03.21) | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ കറുകച്ചാൽ |

| | | | |
|---|---|---|---|
| S0217/21, സി.എസ്.ഐ.പള്ളി പുതുവേൽപ്പടി നടപ്പാതയിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വികസനഫണ്ട് (പൊതുവിഭാഗം) | 49893(28/21 തീ 19.11.20) | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ,വാഴൂർ |
| S0192/21,സബ് സെന്ററുകൾ, ജലനിധി ടോയ്‌ലറ്റ്,ഷോപ്പിംഗ് കോംപ്ലക്സ് വാട്ടർ കണക്ഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 181000(45/21 തീ8.03.21) | വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ ,തിരുവല്ല |
| S00133/21,അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ | വികസന ഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് | 325000(ബിൽ നം.1/21 തീ17.4.20) 68466(ബിൽ നം.4/21 തീ13.5.20) | വാട്ടർ അതോറിറ്റി |
| | ആകെ | 851411 | |

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾ പൂർത്തീകരിച്ച് നിർവ്വഹണ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിച്ച 851411/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം - വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്ട് നം.S0105/21

തനത് ഫണ്ട് -100,000/- രൂപ ചെക്ക് നം.928081/31.3.21

ക്യാൻസർ രോഗികൾക്കായി പാലാ ജനറൽ ആശുപത്രിയിൽ കോബാൾട്ട് റേഡിയേഷൻ മെഷീൻ KMSCLൽ നിന്നും വാങ്ങുന്നതിനായി പഞ്ചായത്ത് വിഹിതം 100,000/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചത് സംബന്ധിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 100,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 ടാറിംഗ് പ്രവൃത്തികൾ-ബാരൽ വില പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ 5 ടാറിംഗ് പ്രവൃത്തികൾക്കായി ഉപയോഗിച്ച കാലി ടാർ ബാരലുകളുടെ വിലയിനത്തിൽ 26576/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കിയത് നിലവിൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 30-10-2007 ലെ സർക്കുലർ നം.59827/എഫ്.എം/07/ത.സ്വ.ഭ.വ അനുസരിച്ച് ടാർ വാങ്ങുന്നതിന് ചെലവഴിച്ച തുക അതാത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ലെഡ്ജർ റിപ്പോർട്ട് പ്രകാരം മുൻവർഷങ്ങളിലേതുൾപ്പെടെ തുക ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. തുക ശരിയായ അക്കൗണ്ട് ശീർഷകത്തിൽ അടച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

1-28 ഇ-ടെണ്ടർ ഫീസ് ലഭിക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2020-21 ൽ അസിസ്റ്റന്റ് എൻജിനീയർ ഇ-ടെണ്ടർ നടത്തിയ 26 CMLRRP പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 47106/രൂപയും, 26 വാർഷികപദ്ധതി പ്രോജക്ടുകളുടെ ടെണ്ടർ ഫീസ് 50000/- രൂപയുമുൾപ്പെടെ ആകെ 97106/- രൂപ എക്സി.എൻജിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യു കോട്ടയത്തിന്റെ അക്കൗണ്ടിൽ ആണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട പ്രസ്തുത തുക പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 അഗതിരഹിതകേരളം പദ്ധതി - തുക ചെലവഴിക്കുന്നില്ല

2020-21 വർഷം ആശ്രയ പ്രോജക്ടിന് വേണ്ടി പ്രോജക്ട് നം. 84/21 പ്രകാരം അഞ്ച് ലക്ഷം രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ അഗതിരഹിതകേരളം പദ്ധതിക്ക് വേണ്ടി നൽകിയ വികസനഫണ്ടിൽ അവശേഷിച്ച തുകയിൽ നിന്നും 300000/- രൂപ ചെലവഴിച്ച മൂന്ന് ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് തുക നൽകിയിട്ടുണ്ട്. വികസനഫണ്ട് വിഹിതം 85291/- രൂപ അവശേഷിക്കുന്നു. ടി തുകയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീരകർഷകന് പാലിന് സബ്സിഡി -സബ്സിഡി തുക പരിമിതിപ്പെടുത്തിയില്ല

പ്രോജക്ട് നം.S0017/21
അടങ്കൽ -വികസനഫണ്ട് -350,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം -400,000
ആകെ – 750000/-
ചെലവഴിച്ച തുക -750,000
നിർവ്വഹണോദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്ടക്ടർ
ബിൽ നം.5/20-21 ,350,000/-രൂപ തീ 12.1.21
ബിൽ നം.8/20-21 ,240,381/-രൂപ തീ 29.3.21
ബിൽ നം.9/20-21 ,127802/-രൂപ തീ 29.3.21
ബിൽ നം.10/20-21 ,31817/-രൂപ തീ 29.3.21

സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീ14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖ 6.2.8പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 40,000/- രൂപയാണ്. എന്നാൽ ഉഷ ഹരിലാൽ എന്ന ക്ഷീരകർഷകന് 43876/- രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്. 3876/- രൂപ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിലും കൂടുതലായി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) മറുപടി ഹാജരാക്കിയില്ല. സബ്സിഡിയിനത്തിൽ അധികം നൽകിയ 3876/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക ILGMS സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്തത് പഞ്ചായത്ത് ഭരണസമിതി 10/08/2021-ലെ 2/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 27/06/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5

ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 വർഷം സംയുക്ത പ്രോജക്ടിനായി വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 1,899,968/- രൂപയും കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 3,987,762/- രൂപയും പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 15/02/2021 | 800,000/- | ലൈഫ് പദ്ധതി (28/21) | 800,000/- | 0 |
| | 26/03/2021 29/03/2021 | 185,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(25/21) | 185,000/- | 0 |
| | 26/03/2021 | 100,000/- | അങ്കണവാടി പോഷകാഹാരം(23/21) | 100,000/- | 0 |
| | 11/11/2020 | 214,968/- | ലൈഫ് പദ്ധതി (30/21) | 214,968/- | 0 |
| | 23/02/2021 | 400,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(17/21) | 400,000/- | 0 |
| | 30/09/2020 | 200,000/- | മുള്ളംകുഴി-ചില്ലാക്കുന്ന് റോഡ് കോൺക്രീറ്റിങ്ങ് (158/21) | 200,000/- | 0 |
| | 2019-20 15/10/2019 | 400,000/- | ലൈഫ് പദ്ധതി-പട്ടികജാതി (163/21) Spill Over | 400,000/- | 0 |
| ആകെ | | 2,299,968/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,299,968/- | 0 |
| കോട്ടയം ജില്ല പഞ്ചായത്ത് | 27/02/2021 27/03/2021 | 687,762/- | കിണർ റീച്ചാർജ്ജിംഗ് (169/21) | 687,762/- | 0 |
| | 06/03/2021 | 300,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(25/21) | 300,000/- | 0 |
| | 30/03/2021 | 2,000,000/- | വയോജന ഉല്ലാസ കേന്ദ്രത്തിന് സ്ഥലം വാങ്ങൽ(186/21) | 2,000,000/- | 0 |
| | 25/02/2021 | 1,000,000/- | കടയിനിക്കാട് പള്ളിപ്പടി-പഴക്കാകുളം റോഡ് റീടാറിങ്ങ് | 1,000,000/- | 0 |
| ആകെ | | 3,987,762/- | ജില്ല പഞ്ചായത്ത് വിഹിതം | 3,987,762/- | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2019-20 വർഷം ലഭിച്ചത് പഞ്ചായത്ത് ഫണ്ടിലുണ്ടായിരുന്നതാണ് പ്രോജക്ട് നം.163/21 സ്പിൽ ഓവർ പ്രോജക്ടിൽ 4 ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നത്. ടി തുകയും തൻവർഷം ലഭിച്ച 1,899,968/- രൂപയും ഉൾപ്പടെയാണ് 2,299,968/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ്. ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ മുൻവർഷങ്ങളിലേത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത് ഏതൊക്കെ പ്രോജക്ടുകൾക്ക് ലഭിച്ചതാണ് എന്നത് എ.സി.ആർ.-ൽ മുന്നിരിപ്പിന്റെ വിശദാംശം ചേർത്തിട്ടില്ലാത്തതിനാൽ ലഭ്യമല്ല. മുന്നിരിപ്പ് വിശദാംശം ലഭ്യമാക്കി എ.സി.ആർ. പൂർത്തിയാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 2 പ്രോജക്ടുകളിലൂടെ കെ.എസ്.ഇ.ബി.-യിൽ 276,945/- രൂപയും 2 പ്രോജക്ടുകളിലൂടെ ജല അതോറിറ്റിയിൽ 574,466/- രൂപയും നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ(67/21) | 227,052/- | 0 | 227,052/- |
| | സി.എസ്.ഐ. പള്ളി -പുതുവേൽപ്പടി നടപ്പാതയിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(217/21) | 49,893/- | 0 | 49,893/- |
| ആകെ കെ.എസ്.ഇ.ബി.-യിൽ | | 276,945/- | 0 | 276,945/- |
| വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ (133/21) | 393,466/- | 0 | 393,466/- |
| | സബ്സെന്ററുകൾ ജലനിധി ടോയ്‌ലറ്റ് ഷോപ്പിങ്ങ് കോംപ്ലെക്സ് വാട്ടർ കണക്ഷൻ(192/21) | 181,000/- | 0 | 181,000/- |
| ആകെ വാട്ടർ അതോറിറ്റിയിൽ | | 574,466/- | 0 | 574,466/- |

കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 217/21 നം. പ്രോജക്ട് ചെലവ് 49,893/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാതെ 25100001-Electric Line-Post Re-Arrangement ശീർഷകത്തിൽ റവന്യൂ ചെലവായി അക്കൗണ്ട് ചെയ്തു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ച ശേഷം മാത്രമേ നിക്ഷേപ പ്രവൃത്തികൾ ആസ്തി അല്ലെങ്കിൽ ചെലവായി അക്കൗണ്ടിങ്ങ് ക്രമീകരണം (Journal Voucher) ചെയ്യാൻ പാടുള്ളൂ. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതും മുൻകൂർ രജിസ്റ്ററിലെ പ്രസ്തുത കണക്കുകൾ കൃത്യമാക്കേണ്ടതുമാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2020-21 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | GO(MS)100/2018/LSGD Dated-30/07/2018 | 6,020,579/- | ഇല്ല | 1,230,353/- | - | 4,790,226/- |

സെക്രട്ടറിയുടെ 235/21, 225/21 നം. പ്രോജക്ടുകൾ പ്രകാരം 981,215/- രൂപ വികസന ഫണ്ടിൽ (General) നിന്നും 226/21, 236/21 നം. പ്രോജക്ടുകൾ പ്രകാരം 249,138/- രൂപ വികസന ഫണ്ടിൽ (SCSP)

നിന്നും എന്നിങ്ങനെ ആകെ 1,230,353/- രൂപ സ്രോതസ്സിൽ നിന്നു തന്നെ ക്രമീകരിച്ചാണ് KURDFC വായ്പയുടെ തിരിച്ചടവ് നടത്തിയത്.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

കഞ്ഞ്ഞ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

### 4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കഞ്ഞ്ഞ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-5 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ- നടപടി ക്രമങ്ങളിലെ വീഴ്ചകൾ | കാലിക സ്ഥിതി വിവരം ലഭ്യമല്ല |
| 2014-15 | 2-4 | 2016-17 | 1 Appendix 3 | വസ്തു നികുതി | നിയമസഭാ സമതിയുടെ പരിഗണനയിൽ |
| | 2-2, 2-3-2 | 2016-17 | 2 Appendix 4 | തൊഴിൽ നികുതി | |
| 2015-16 | 2-4-1, 2-4-2 | 2016-17 | Appendix 5 | തൊഴിൽ നികുതി | ,, |
| 2019-20 | 1-23 | 2020-21 Part-I | അധ്യായം-1.3 ഖ. 1(8) | കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കഞ്ഞ്ഞ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 88,131,653/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67,501,552/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3,876/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,58,874/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,876/- | പ്രതീഷ് കുമാർ പി. , ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 7463/- | ഡോ.ബെറ്റ്സി ജേക്കബ്, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. |
| 1-26(1) | 670,411/- | ഗീത മേരി മാമ്മൻ, സെക്രട്ടറി |
| 1-26(1) | 181,000/- | ഗ്രീസ പി. എ. , സെക്രട്ടറി |
| 1-26(2) | 100,000/- | ഗ്രീസ പി. എ. , സെക്രട്ടറി |
| ആകെ | 958874/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-17 പ്രകാരം 127,486/- { 63,743/- CGST & 63,743/- SGST }

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രതീഷ് കുമാർ പി. ,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, ക്ഷീര വികസന യൂണിറ്റ്, കടുത്തുരുത്തി | മംഗലത്ത് ഹൗസ്,<br>ഈസ്റ്റ് ഗേറ്റ്(പി.ഓ.),<br>വൈക്കം-686141. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/06/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5/266/2019(1)/ 18.05.2019 | 3 |

| | | |
|---|---|---|
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി5/266/2019(3)/ 18.05.2019 | 1 |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി11/1190/06/23.03.2007/07.09.2007 | - |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(8)/2018/01.02.2018 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(9)/2018/01.02.2018 | 6 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(10)/2018/20.02.2018 | 13 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(11)/2018/21.02.2018 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(12)/2018/21.02.2018 | 4 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(13)/2018/21.02.2018 | 2 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(14)/2018/21.02.2018 | 6 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)188(15)/2018/20.02.2018 | 8 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/672/2016/26.08.2016 | 19 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/1274/2016/03.10.2016 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5-1360/2016/20.05.2017 | 17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5-535/2017/28.02.18 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5-72/2018/23.01.2018 | 15 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/204/2019/18.5.2019 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/404/2020/25.05.2020 | 12 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1762/2021/02.02.2022 | 8 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്